
സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ–680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഗുരുഗ്രാം മലയാളി ദമ്പതികളുടെ മരണം: ഭാര്യയുടേത് കൊലപാതകം



ഗുരുഗ്രാം: ഹരിയാനയിലെ ഗുരുഗ്രാമിൽ വാടക ഫ്ലാറ്റിനുള്ളിൽ മലയാളി ദമ്പതികളെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ നടുക്കുന്ന വഴിത്തിരിവ്. ഇരുവരും മരണപ്പെട്ടു എന്നായിരുന്നു പ്രാഥമിക വിവരമെങ്കിൽ, ഭാര്യയെ ശ്വാസംമുട്ടിച്ച് കൊലപ്പെടുത്തിയ ശേഷം ഭർത്താവ് ജീവനൊടുക്കുകയായിരുന്നുവെന്ന് പൊലീസ് സ്ഥിരീകരിച്ചു. കേരള സ്വദേശികളായ മുഹമ്മദ് അസ്ലം(30), ഭാര്യ ഫർഹാന (28) എന്നിവരാണ് മരിച്ചത്. ഗുരുഗ്രാം സെക്ടർ 68 ബാദ്ഷാപൂർ ഏരിയയിലെ എം3എം മറീന സൊസൈറ്റിയിലെ അപ്പാർട്ട്മെന്റിലാണ് ദാരുണ സംഭവം അരങ്ങേറിയത്.

കൃത്യം നിർവഹിച്ച ശേഷം ജീവനൊടുക്കുന്നതിന് തൊട്ടുമുമ്പ് അസ്ലം താൻ ജോലി ചെയ്യുന്ന സ്വകാര്യ കമ്പനിക്ക് അയച്ച ഇമെയിൽ സന്ദേശമാണ് സംഭവത്തിലെ നിർണായക വിവരങ്ങൾ പുറത്തുകൊണ്ടുവന്നത്.

സിഎംആർഎൽ എക്സാലോജിക് ഇടപാട്: അറസ്റ്റിന് സാധ്യതയുണ്ടെന്ന് പിണറായി,

ഹർജി അടുത്ത ആഴ്ച പരിഗണിക്കാമെന്ന് സുപ്രീം കോടതി



ന്യൂഡൽഹി: സി.എം.ആർ.എൽ – എക്സലോജിക്ഇടപാടുമായി ബന്ധപ്പെട്ട വിജിലൻസ് കേസിലെ നടപടികൾ സ്റ്റേ ചെയ്യണമെന്ന പിണറായി വിജയൻറെ ആവശ്യത്തിൽ വാദം കേൾക്കാൻ അടുത്ത ആഴ്ച പ്രത്യേക ബെഞ്ച് രൂപീകരിക്കുന്ന കാര്യം പരിഗണിക്കാമെന്ന് സുപ്രീം കോടതി. ദസറ അവധി സമയത്ത് പ്രത്യേക ബെഞ്ച് ഹർജി പരിഗണിച്ചില്ലെങ്കിൽ 26ന് പിണറായി ഉൾപ്പെടെ നൽകിയ ഹർജി ലിസ്റ്റ് ചെയ്യാമെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

വിജിലൻസ് കേസിനെതിരെ പിണറായി വിജയൻ, വീണ ടി, മുഹമ്മദ് റിയാസ്, ഹസൻ വാരിസ് എന്നിവരാണ് നിലവിൽ സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തിരിക്കുന്നത്. കേസിൽ പിണറായിയുടെ അറസ്റ്റിന് സാധ്യത ഉണ്ടെന്ന് അദ്ദേഹത്തിനുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ സിദ്ധാർത്ഥ് ലൂതറ ചൂണ്ടിക്കാട്ടി. പിണറായി വിജയന് 82 വയസ്സ് ആയെന്നും അതിനാൽ ഇന്നുതന്നെ കേസ് പരിഗണിച്ച് ഇടക്കാല സംരക്ഷണം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എന്നാൽ ഇന്ന് എല്ലാ ബെഞ്ചുകളിലും കേസുകളുടെ ബാഹുല്യം ആണെന്നും, അതിനാൽ അടുത്ത ആഴ്ച പ്രത്യേക ബെഞ്ച് രൂപീകരിച്ച് ഈ അപ്പീലുകളിൽ വാദം കേൾക്കുന്ന കാര്യം പരിഗണിക്കാമെന്നും ചീഫ് ജസ്റ്റിസ് അറിയിച്ചു. മറ്റ് ജഡ്ജിമാരുടെ കൂടി സൗകര്യം കണക്കിലെടുത്ത് ഇത് സംബന്ധിച്ച തീരുമാനം എടുക്കാമെന്നും ചീഫ് ജസ്റ്റിസ് വ്യക്തമാക്കി. അഥവാ അടുത്ത ആഴ്ച ഹർജി പരിഗണിച്ചില്ലെങ്കിൽ 26ന് പരിഗണിക്കാമെന്നാണ് ചീഫ് ജസ്റ്റിസ് അറിയിച്ചത്.

പിണറായിയുടെ ഹർജി ഫയൽ ചെയ്തത് പുലർച്ചെ 1.34 ന് സിഎംആർഎൽ എക്സലോജിക് ഇടപാടും ആയി ബന്ധപ്പെട്ട വിജിലൻസ് കേസിൽ കേരള ഹൈക്കോടതിയുടെ വിധി ഉണ്ടായത് വ്യാഴാഴ്ചയാണ്. ഇതിനെതിരെ വെള്ളിയാഴ്ച പുലർച്ചെ 1.34 ന് ആണ് പിണറായി വിജയൻ സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തത്.

ഇഡി കൈമാറിയ വിവരങ്ങൾ കേസ് രജിസ്റ്റർ ചെയ്യാൻ പര്യാപ്തമല്ല,

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമ പ്രകാരം കേസ് എടുക്കാൻ ആകില്ല, സി.എം.ആർ. എല്ലിന് അനുകൂലമായി പ്രവർത്തിക്കുന്നതിനായി പണം ലഭിച്ചുവെന്നാണ് പറയുന്നത്. എന്നാൽ, എന്ത് ആനുകൂല്യമാണ് നൽകിയതെന്ന് വ്യക്തമാക്കുന്നില്ല. ആരാണ് ഈ ആനുകൂല്യം ആവശ്യപ്പെട്ടത്, എപ്പോഴാണ് അത് നൽകിയത്, ഏതെങ്കിലും പണമിടപാടുമായി ബന്ധമുണ്ടെന്ന് വ്യക്തമാക്കുന്നില്ല തുടങ്ങിയ കാര്യങ്ങളാണ് ഹർജിയിൽ പിണറായി വിജയനും, മറ്റ് ഹർജിക്കാരും മുന്നോട്ട് വയ്ക്കുന്ന പ്രധാന വാദങ്ങൾ.

പിണറായി വിജയനുവേണ്ടി ഹാജരാകാൻ ആദ്യം തീരുമാനിച്ചത് മുതിർന്ന അഭിഭാഷകൻ കപിൽ സിബലിനെ ആയിരുന്നു. കപിൽ സിബൽ വിദേശത്ത് ആയതിനാൽ ആണ് ഇന്ന് സീനിയർ അഭിഭാഷകൻ സിദ്ധാർത്ഥ് ലൂതറ ഹാജർ ആയത്. വീണ, മുഹമ്മദ് റിയാസ് എന്നിവർക്കായി സീനിയർ അഭിഭാഷകൻ എൻ ഹരിഹരൻ ആണ് ഹാജരായത്.

നവരാത്രി: സംസ്ഥാനത്ത് തിങ്കളാഴ്ച അവധി പ്രഖ്യാപിച്ചു; ഉത്തരവിറങ്ങി

തിരു : സംസ്ഥാനത്ത് നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി ദുർഗാഷ്ടമി ദിനമായ ഒക്ടോബർ 19 തിങ്കളാഴ്ച പൊതു അവധി പ്രഖ്യാപിച്ചു. ഇതുസംബന്ധിച്ച ഔദ്യോഗിക ഉത്തരവ് പുറത്തിറങ്ങി. ഇതോടെ സംസ്ഥാനത്ത് തുടർച്ചയായി നാല് ദിവസം അവധി ലഭിക്കും.

എല്ലാ സർക്കാർ അർധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾക്കും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും, പ്രഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തിങ്കളാഴ്ചത്തെ അവധി ബാധകമാണ്.

നിലവിൽ ഒക്ടോബർ 20 ചൊവ്വാഴ്ച മഹാനവമി അവധിയും 21 ബുധനാഴ്ച വിജയദശമി അവധിയുമാണ്. 18 ഞായറാഴ്ച പൊതു അവധിയും. 19 തിങ്കളാഴ്ച അവധി കൂടിയായതോടെ തുടർച്ചയായി നാലുദിവസമാണ് വിദ്യാലയങ്ങൾക്കടക്കം അവധി ലഭിക്കുക. കേരള സർക്കാരിന്റെ ഔദ്യോഗിക കലണ്ടർ പ്രകാരം മഹാനവമി, വിജയദശമി ദിവസങ്ങളിൽ അവധിയുണ്ട്.

സ്വർണവില താഴോട്ട്; വെള്ളിവിലയും കുറഞ്ഞു

കൊച്ചി: തുടർച്ചയായി നാലാം ദിവസവും സ്വർണ വില കുത്തനെ കുറഞ്ഞു. 2,920 രൂപയാണ് നാലുദിവസം കൊണ്ട് പവന് കുറഞ്ഞത്. 70 ദിവസത്തെ ഏറ്റവും കുറഞ്ഞ നിരക്കിലാണ് ഇന്ന് വിപണനം നടക്കുന്നത്. വെള്ളിവിലയിലും ഇടിവ് രേഖപ്പെടുത്തി.ഇന്ന് സ്വർണം പവന് 600 രൂപ കുറഞ്ഞ് 1,08,120 രൂപയായി. ഗ്രാമിന് 75 രൂപയാണ് കുറഞ്ഞത്. ഇതോടെ 13,515 രൂപയായി ഗ്രാംവില.

പന്തീരാങ്കാവ് ടോൾ പ്ലാസയിൽ വൻ തട്ടിപ്പ്

സ്വകാര്യ ക്യുആർ സ്കാനറിലൂടെ ജീവനക്കാർ 7 ലക്ഷം രൂപ തട്ടി



കോഴിക്കോട്: പന്തീരാങ്കാവ് ടോൾ പ്ലാസയിൽ ലക്ഷങ്ങളുടെ തട്ടിപ്പ്. സ്വകാര്യസ്ഥാപനത്തിന്റെ ക്യുആർ സ്കാനർ ഉപയോഗിച്ച് ജീവനക്കാർ ഏഴു ലക്ഷം രൂപയിലധികം തട്ടി. ടോൾ പ്ലാസ മാനേജരുടെ പരാതിയിൽ പന്തീരാങ്കാവ് പൊലീസ് കേസെടുത്തു.

ഉത്തർപ്രദേശ് സ്വദേശികളായ ഉമാശങ്കർ, മോണ്ടി രാജ്പുത്, ഹരിമോഹൻ, ശിം, നവീൻ സിങ് ഭദോരിയ, ബിബിൻ രാജ്പുത് എന്നിവരാണ് കേസിലെ പ്രതികൾ. ഇതിൽ ബിബിൻ രാജ്പുത് നിലവിൽ പോലീസ് കസ്റ്റഡിയിലാണുള്ളത്.

കസ്റ്റഡിയിലുള്ള ആൾ ഒഴികെ മറ്റ് പ്രതികളെല്ലാം കരാർ കാലവധി കഴിഞ്ഞതിനാൽ നാട്ടിലേക്ക് മടങ്ങിയിരുന്നു. ഇവരെ കോഴിക്കോട്ടെത്തിക്കാനുള്ള നടപടികൾ ആരംഭിച്ചതായി പന്തീരങ്കാവ് പോലീസ് അറിയിച്ചു. തട്ടിപ്പ് നടത്തിയ പണത്തേക്കുറിച്ചുള്ള പ്രാഥമിക വിവരം മാത്രമാണ് പുറത്തുവന്നിരിക്കുന്നതെന്നും തട്ടിയ പണം ഇതിലും കൂടുലാകാമെന്നും പോലീസ് പറയുന്നു. എസ് ഐ എൻ. രാജ്കുമാറിനാണ് അനേഷണച്ചുമതല.

ഫാസ്റ്റ് ടാഗ് ഇല്ലാത്ത വാഹനങ്ങൾ കടന്നുപോകുമ്പോൾ ജീവനക്കാർ സ്വകാര്യ അക്കൗണ്ടുകളുടെ ക്യുആർ കോഡ് സ്കാനർ കാണിച്ചു കൊടുത്ത് പണം തട്ടുന്നതായിരുന്നു രീതി. പ്രതികൾ നാട്ടിലേക്ക് മടങ്ങിയശേഷം ടോൾ പ്ലാസ മാനേജർ നടത്തിയ പരിശോധനയിലാണ് തട്ടിപ്പിനേക്കുറിച്ച് അറിഞ്ഞതും തുടർന്ന് പൊലീസിൽ പരാതി നൽകിയതും.

'ജയിലിൽ പോകാൻ തയ്യാർ'; പ്രതിഷേധത്തിന് മുമ്പ് തടവിലാക്കാൻ പൊലീസ് ശ്രമമെന്ന് അഭിജീത് ദിപ്കെ



ന്യൂഡൽഹി: തെരഞ്ഞെടുപ്പ് കമീഷന്റെ വോട്ട് വെട്ടിനിരത്തലുകൾക്കെതിരെയും മുഖ്യ തെരഞ്ഞെടുപ്പ് കമീഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ടും കോൺക്രോച്ച് ജനതാ പാർട്ടി ഇന്ന് ഡൽഹി കൊണാട്ട് പ്ലേസിൽ നടത്താനിരിക്കുന്ന 'തിരംഗ മോർച്ച'യ്ക്ക് മുന്നോടിയായി തലസ്ഥാനത്ത് കടുത്ത നിയന്ത്രണങ്ങൾ. പ്രതിഷേധം തടയുന്നതിനായി വേദി നിശ്ചയിച്ചിരുന്ന കൊണാട്ട് പ്ലേസിലെ സെൻട്രൽ പാർക്ക് ന്യൂഡൽഹി മുനിസിപ്പൽ കൗൺസിൽ രണ്ടു ദിവസത്തേക്ക് അടച്ചുപൂട്ടി.

തന്റെ താമസസ്ഥലം മഫ്തി പൊലീസുകാർ വളഞ്ഞിരിക്കുകയാണെന്നും വെള്ളിയാഴ്ച പുലർച്ചെയോടെ തന്നെ കസ്റ്റഡിയിലെടുത്തേക്കുമെന്നും സി.ജെ.പി സ്ഥാപകൻ അഭിജീത് ദിപ്കെ വ്യാഴാഴ്ച രാത്രി വൈകി നടത്തിയ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. വെള്ള സ്കോർപ്പിയോ കാറിലെത്തിയ പോലീസ് സംഘം തന്നെ നിരന്തരമായി പിന്തുടരുകയാണെന്ന് ദിപ്കെ 'എക്സി'ൽ കുറിച്ചു.

4വയസ്സുകാരിയെ പീഡിപ്പിച്ചു കൊന്ന കേസിൽ പ്രതിക്ക് വധശിക്ഷ

മുംബൈ: മഹാരാഷ്ട്രയിലെ നാസിക് ജില്ലയിൽ നാലുവയസ്സുകാരിയെ ലൈംഗികമായി പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതിക്ക് വധശിക്ഷ വിധിച്ച് മാലേഗാവ് കോടതി.

ഡോംഗ്രാലെ ഗ്രാമത്തിൽ 2025 നവംബറിൽ നടന്ന സംഭവത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ വിജയ് ഖൈർനാറിനാണ് കോടതി വധശിക്ഷ വിധിച്ചത്.

കേസ് അപൂർവങ്ങളിൽ അപൂർവമായ കുറ്റകൃത്യമാണെന്ന് നിരീക്ഷിച്ച കോടതി, പ്രതിക്ക് പരമാവധി ശിക്ഷ നൽകുകയായിരുന്നു.

റൂബിയോ–ജയശങ്കർ കൂടിക്കാഴ്ച; മോദിയെ ട്രോളി രാഹുൽ ഗാന്ധി:



ന്യൂഡൽഹി: യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുടെ ഇന്ത്യാ സന്ദർശനത്തിലും വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി നടത്താനിരിക്കുന്ന കൂടിക്കാഴ്ചയിലും പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ട്രോളി ലോക്സഭാ പ്രതിപക്ഷ നേതാവും കോൺഗ്രസ് എം.പിയുമായ രാഹുൽ ഗാന്ധി. കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിനെ യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുടെ "ജീവനക്കാരൻ" എന്ന് വിശേഷിപ്പിച്ചാണ് രാഹുൽ ഗാന്ധിയുടെ രൂക്ഷവിമർശനം.

'മിസ്റ്റർ റൂബിയോ തന്റെ ജീവനക്കാരനെ മുംബൈയിലേക്ക് വിളിപ്പിച്ചിട്ടുണ്ട്. മോദിജി, എന്താണ് സംഭവിക്കുന്നതെന്ന കാര്യത്തിൽ വിദേശകാര്യ മന്ത്രാലയത്തിലെ നിങ്ങളുടെ ഉദ്യോഗസ്ഥർ ആശയക്കുഴപ്പത്തിലാണ്. കാര്യങ്ങൾ ഒന്ന് വിശദീകരിക്കാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം; ഇനിയിപ്പോൾ, ഞാൻ അത് വിശദീകരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ മാത്രം' – രാഹുൽ ഗാന്ധി എക്സിൽ കുറിച്ചു.

ഒക്ടോബർ 17 മുതൽ 22 വരെ റൂബിയോ ഇന്ത്യയും ഉസ്ബെക്കിസ്ഥാനും സന്ദർശിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. തന്റെ ഇന്ത്യ സന്ദർശന വേളയിൽ റൂബിയോ മുംബൈ, ജാംനഗർ എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്യുകയും മുതിർന്ന ഇന്ത്യൻ സർക്കാർ ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യും. വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ മുംബൈയിൽ വെച്ച് റൂബിയോയുമായി കൂടിക്കാഴ്ച നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വർഷം റൂബിയോയുടെ രണ്ടാമത്തെ ഔദ്യോഗിക ഇന്ത്യ സന്ദർശനമായിരിക്കും ഇത്. മെയ് 23 മുതൽ 26 വരെയായിരുന്നു അദ്ദേഹത്തിന്റെ ആദ്യ സന്ദർശനം.

യു.എസ് അംബാസഡർ സെർജിയോ ഗോർ ആണ് മാർക്കോ റൂബിയോയുടെ ഇന്ത്യ സന്ദർശനത്തെക്കുറിച്ചും ജയശങ്കറുമായുള്ള കൂടിക്കാഴ്ചയെക്കുറിച്ചുമുള്ള വിവരങ്ങൾ ഔദ്യോഗികമായി പുറത്തുവിട്ടത്.

കേന്ദ്രമന്ത്രിയുടെ കൂടിക്കാഴ്ചയെക്കുറിച്ചുള്ള പ്രഖ്യാപനം മന്ത്രാലയത്തിന്റെ വക്താവിന് പകരം വിദേശ ഉദ്യോഗസ്ഥരിൽ നിന്നാണ് വന്നതെന്ന് കോൺഗ്രസ് നേതാവ് ജയറാം രമേശ് ചൂണ്ടിക്കാണിച്ചു.

"ഇന്ത്യയുടെ വിദേശകാര്യ മന്ത്രിയുടെ ഇന്ത്യയിലെ കൂടിക്കാഴ്ചകളുടെ പ്രഖ്യാപനം എന്ന് മുതലാണ് ഔദ്യോഗിക വക്താവല്ലാത്ത മറ്റൊരാൾക്ക് ഔട്ട്സോഴ്സ് ചെയ്യാൻ തുടങ്ങിയത്?" രമേശ് ചോദിച്ചു.

മുംബൈയിൽ റൂബിയോയുമായുള്ള വിദേശകാര്യ മന്ത്രിയുടെ കൂടിക്കാഴ്ചയെക്കുറിച്ച് വിദേശകാര്യ മന്ത്രാലയം എന്തുകൊണ്ടാണ് മൗനം പാലിക്കുന്നതെന്നും ജയറാം രമേശ് ചോദിച്ചു.

ഉമ്മൻ ചാണ്ടിയോട് ചെയ്തത് മറക്കരുത്ച പിണറായിയെ വെളുപ്പിക്കരുത്: ജിന്റോ ജോൺ

തിരു : മാസപ്പടി കേസിലും സി.എം.ആർ.എൽ ഇടപാടിലും പ്രതിപക്ഷ നേതാവ് പിണറായി വിജയനും കുടുംബത്തിനും സർക്കാരും പാർട്ടി നേതൃത്വവും അനാവശ്യ പ്രിവിലേജും സാവകാശവും വച്ചുനീട്ടുന്നതിനെതിരെ കടുത്ത അമർഷവും വിമർശനവുമായി കോൺഗ്രസ് നേതാവ് ജിന്റോ ജോൺ. ഉമ്മൻ ചാണ്ടിക്ക് നൂറു ശതമാനം നീതി നിഷേധിക്കപ്പെട്ടാണ് അദ്ദേഹത്തിന്റെ അവസാന യാത്ര നടന്നതെന്നും, പിണറായി വിജയന്റെ മൂന്ന് അന്വേഷണ സംഘങ്ങൾ തെളിവില്ലെന്ന് പറഞ്ഞിട്ടും സി.ബി.ഐ അന്വേഷണം ശുപാർശ ചെയ്തത് മറക്കാൻ നേതാക്കൾക്ക് പ്രായമായോ എന്നും അദ്ദേഹം ഫെയ്സ്ബുക്ക് പോസ്റ്റിലൂടെ ചോദിച്ചു. രാഹുൽ ഗാന്ധിയും വി.ഡി. സതീശനും രമേശ് ചെന്നിത്തലയും ആയിരമാവർത്തി ഏറ്റുപറഞ്ഞ രാഷ്ട്രീയം വിസ്മരിച്ച്, മടിയിൽ അധാർമ്മികതയുടെ കനമുള്ള പിണറായിയെയും മകൾ വീണയെയും കരകയറ്റാൻ ശ്രമിക്കുന്നത് അത്യന്തം അപകടകരമാണെന്ന് അദ്ദേഹം പറഞ്ഞു.



പിണറായി വിജയന്റെ പകയിൽ രൂപപ്പെട്ട കള്ളക്കേസുകളിൽ കോൺഗ്രസ് നേതാക്കളും സാധാരണ പ്രവർത്തകരും വേട്ടയാടപ്പെട്ടത് മറക്കരുതെന്നും ജിന്റോ ജോൺ കുറിച്ചു. പുനർജ്ജനി കേസിൽ വി.ഡി. സതീശനെയും മോൻസൺ മാവുങ്കൽ കേസിൽ കെ. സുധാകരനെയും കുടുക്കാൻ ശ്രമിച്ചതും മാത്യു കുഴൽനാടന്റെ വീടും തൊഴുത്തും അളന്ന് കേസുകളിൽപ്പെടുത്താൻ നോക്കിയതും അദ്ദേഹം ചൂണ്ടിക്കാട്ടി. വെളുപ്പാൻകാലത്തും നട്ടപ്പാതിരയ്ക്കും യുവജന-വിദ്യാർഥി നേതാക്കളെ കിടക്കപ്പായയിൽ നിന്ന് അറസ്റ്റ് ചെയ്യുകയും ക്രൂര മർദ്ദനങ്ങൾക്ക് ഇരയാക്കുകയും ചെയ്ത ഭരണം മറന്നുപോയ രീതിയിൽ അധികാരം കിട്ടിയവർ പെരുമാറരുതെന്നും, പ്രവർത്തകരുടെ വികാരം പകതക്കുറവായി കാണരുതെന്നും അദ്ദേഹം പറഞ്ഞു.

മാസപ്പടി കേസിൽ പിണറായി വിജയന്റെയും വീണയുടെയും അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയിലെത്തിയ ഹർജിക്കാരൻ കെ.എം. ഷാജഹാനെ 'ശല്യക്കാരനായ വ്യവഹാരി' എന്ന് ചാപ്പയടിച്ചത് കടന്ന കൈയായിപ്പോയെന്ന് ജിന്റോ ജോൺ വിമർശിക്കുന്നു. അഭയ കേസിൽ പ്രതികളെ ശിക്ഷിക്കാൻ സഹായിച്ച അടയ്ക്കാ രാജുവിന്റെ നീതിബോധം ചൂണ്ടിക്കാട്ടിയ അദ്ദേഹം, ഈ വിഷയത്തിൽ പിണറായിയേക്കാൾ മെറിറ്റ് ഹർജിക്കാരനുണ്ടെന്നും അഭിപ്രായപ്പെട്ടു. ഇ.ഡി റിപ്പോർട്ടിന് മുന്നിൽ അത്രപോലും വിശ്വാസ്യതയില്ലാത്ത പിണറായിയും വീണയും പരുങ്ങുമ്പോൾ അനുപാതരഹിതമായ സാവകാശം നൽകുന്നത് സാമാന്യബോധമുള്ളവരുടെ നെറ്റി ചുളിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

മാസപ്പടിയും ഹവാലയും നടത്തിയ പിണറായി വിജയനും വീണയും മുഹമ്മദ് റിയാസും നിയമപരമായി കാര്യങ്ങളെ നേരിടട്ടെ എന്നും, തോറ്റവരുടെ നാറ്റം കോൺഗ്രസിന്റെ ഖദറിൽ വാരിത്തേക്കേണ്ടതില്ലെന്നും അദ്ദേഹം തുറന്നടിക്കുന്നു.

പതിനായിരക്കണക്കിന് പ്രവർത്തകർ വിയർപ്പൊഴുക്കി നേടിയ ഭരണത്തിന്റെ തണലിൽ സാധാരണക്കാരുടെ രാഷ്ട്രീയ ബോധ്യത്തിന് വിലയിടരുതെന്ന് അദ്ദേഹം അഭ്യർത്ഥിക്കുന്നു. തിരുട്ട് കുടുംബത്തിന്റെ അഴിമതി വെളുപ്പിക്കാൻ നോക്കിയാൽ പൊതുയിടങ്ങളിൽ തലകുനിക്കേണ്ടി വരുന്നത് സാധാരണ പ്രവർത്തകർക്കാണെന്നും, അതിനാൽ പിണറായി കുട്ടുകുടുംബത്തിന്റെ അഴിമതിക്ക് സംരക്ഷണം ഒരുക്കുന്ന നിലപാടുകളിൽ നിന്ന് പിന്മാറണമെന്നും ജിന്റോ ജോൺ കുറിപ്പിൽ ആവശ്യപ്പെട്ടു.

എല്ലാ സീറ്റുകളിലും സീറ്റ് ബെൽറ്റ് നടപ്പിലാക്കാൻ കെഎസ്ആർടിസി

തിരു: കെഎസ്ആർടിസി മിന്നൽ സൂപ്പർ എയർ ഡീലക്സ് ബസ്സുകളിൽ യാത്രക്കാർക്ക് സീറ്റ് ബെൽറ്റ് നിർബന്ധമാക്കുന്ന കാര്യം സർക്കാറിന്റെ സജീവ പരിഗണനയിൽ. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ പഠനങ്ങൾ നടന്നുവരികയാണെന്ന് സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ അറിയിച്ചു.

കോടതി പരസ്യം

ബഹു. കുന്ദംകുളം കുടുംബ കോടതി മുമ്പാകെ

OP: 2516/2023

സ്വാലിഹ 23 വയസ്സ്, D/o മുഹമ്മദ് വൈശ്യൻ വീട്ടിൽ, പി.ഒ. എടക്കഴിയൂർ എടക്കഴിയൂർ വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശ്ശൂർ ജില്ല.

-ഹർജിക്കാരി

മുഹമ്മദ് റാഷിദ്, 31 വയസ്സ്, S/o മുഹമ്മദുണ്ണി പൊക്കുളങ്ങര ഹൗസ്, നാലാംകല്ല് പി.ഒ. എടക്കഴിയൂർ എടക്കഴിയൂർ വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശ്ശൂർ ജില്ല, പിൻ- 680 515

-എതൃകക്ഷി

പത്രപരസ്യം

ഹർജിക്കാരിക്ക് എതൃകക്ഷിയിൽ നിന്നും വിവാഹമോചനം ലഭിക്കുന്നതിനുവേണ്ടി ബോധിപ്പിച്ച മേൽ നമ്പർ ഹർജിയിൽ എതൃകക്ഷിക്കുള്ള കോടതി കല്പന അയപ്പാൻ കേസ് **13-11-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നിങ്ങളോ നിങ്ങളുടെ ഭാഗം അഡ്വക്കെറ്റോ ഹാജരാകാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

എന്ന്, 01-10-2026

ഹർജി ഭാഗം അഡ്വക്കെറ്റ്

എ. ഹരിദാസൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ കുടുംബ കോടതി മുമ്പാകെ

OP: 1267/2023

ശ്രീകല D/o. Late വിശ്വനാഥൻ

-ഹർജിക്കാരി

സുധിൻ കെ ടി, 49 വയസ്, S/o. Late തങ്കപ്പൻ, Now Residing at GS Construction Middle East, Sole Proprietorship LLC, Office No. 7 & 8, 9th Floor, Prestige Tower 17 BMC a 712 Mohammed Bin Zayed City PO Box 778515, Abhudabi UAE

-എതൃകക്ഷി

പത്രപരസ്യം

ഹർജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹ ബന്ധം വേർപ്പെടുത്തി കിട്ടുന്നതിനുവേണ്ടി ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ ഹർജി വിചാരണക്കായി **18-12-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ആക്ഷേപമോ തർക്കമോ ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കണമെന്നും അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസിൽ വിധി കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

എന്ന്, 16-10-2026

ഹർജി ഭാഗം അഡ്വക്കെറ്റ്

ഹേമന്ത് കെ വത്സൻ (ഒപ്പ്)

EC NIDHI LIMITED

A.M. Paraman Memorial Complex,
Bldg. No. New : TC 38/2774/24 Old No.FF-20/403/24.
1st Floor, Corporation Bldg.,Kalvery Road,
West Fort Junction,Thrissur - 680 004, Kerala
Mob : 7012 322 633, 9037 709 032. Email : ecnidhiltd@gmail.com
CIN: U65929KL2016PLC047059

സ്വർണ്ണപണയ ലേല വിൽപന നോട്ടീസ്

സ്ഥാപനത്തിന്റെ തൃശ്ശൂർ ശാഖയിൽ പണയം വെച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞതിനാൽ നോട്ടീസ് അയച്ചു സ്വീകരിച്ച കക്ഷികളുടെ താഴെ പറയുന്ന അക്കൗണ്ട് നമ്പറിൽ ഉള്ള സ്വർണ ഉരുപിടികൾ **2026 ഒക്ടോബർ 30**ന് ഉച്ചതിരിഞ്ഞു 4 മണിക്ക് സ്ഥാപനത്തിൽ വെച്ച് പരസ്യമായി ലേല വില്പന നടത്തുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഉരുപിടികളുടെ വിശദാംശങ്ങളും ലേലവ്യവസ്ഥകളും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ആകുന്നു. ലേലവിൽപന സ്ഥാപനത്തിന്റെ അന്തിമ തീരുമാനത്തിന് വിധേയമാണ്. ഏതെങ്കിലും കാരണവശാൽ ലേലം നീട്ടി വയ്ക്കാനും നിർത്തി വയ്ക്കാനും സ്ഥാപനത്തിന് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

Weights mentioned in grams

SL NO	NAME AND ADDRESS OF CUSTOMER	LOAN DATES LOAN NUMBER	WEIGHT OF ORNEMENTS
1	GOPIKA V S VELAYIL HOUSE, P.O. KILAKKUMMURI, THRISSUR, PIN:680 571	16-05-2026 AKGLGL-10	58.09gm
2	ARUN M R MANGATHARA HOUSE, P.O. KUNDALIYUR, THRISSUR PIN:680 616	16-05-2026 AKGLGL-11	54.03gm
3	ARIFA N.K., MARAKKATH HOUSE, P.O. PERINGOTTUKKARA, PIN: 680565	16-05-2026 AKGLGL-12	55.85gm
4	BIJITH M C MARAKKATH HOUSE, P.O. PERINGOTTUKKARA, PIN: 680565	16-05-2026 AKGLGL-13	54.76gm

തൃശൂർ
16-10-2026

അധികാരപ്പെടുത്തിയ ഉദ്യ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

ആറ്റൂർ അറഫയിലെ അരങ്ങ് ആഘോഷവേദിയായി

539 പോയിന്റുമായി ദേവമാത മുന്നിൽ; സമാപന സമ്മേളനം ഇന്ന് വൈകിട്ട്

ആറ്റൂർ: തൃശൂർ സഹോദയ സ്കൂൾ കോംപ്ലക്സിന്റെ ആഭിമുഖ്യത്തിൽ ആറ്റൂർ അറഫ ഇംഗ്ലീഷ് സ്കൂളിൽ നടക്കുന്ന ജില്ലാ കലോത്സവത്തിന്റെ രണ്ടാം ദിനത്തിൽ മത്സരവേദികൾ ആവേശത്തിമിർപ്പിലാണ്. വിവിധ കലാരൂപങ്ങളിലായി വിദ്യാർത്ഥികൾ മാറ്റുരയ്ക്കുമ്പോൾ അറഫയിലെ അരങ്ങുകൾ കലയുടെ ആഘോഷവേദികളായി മാറി.

87 ഇനങ്ങൾ പൂർത്തിയായപ്പോൾ 539 പോയിന്റുമായി തൃശൂർ ദേവമാത സി.എം. ഐ. പബ്ലിക് സ്കൂൾ മുന്നേറുകയാണ്. 487 പോയിന്റുമായി ചിറ്റിലപ്പിള്ളി ഐ.ഇ.എസ്. സ്കൂൾ രണ്ടാം സ്ഥാനത്തും 478 പോയിന്റുമായി തൃശൂർ നിർമ്മല മാതാ സെൻട്രൽ സ്കൂൾ മൂന്നാം സ്ഥാനത്തുമുണ്ട്. 477 പോയിന്റ് വീതം നേടി പുങ്കുന്നം പാറമേക്കാവ് വിദ്യാമന്ദിറും കോലഴി ചിന്മയ വിദ്യാലയവും തൊട്ടുപിന്നിലുണ്ട്. 415 പോയിന്റുമായി എടശ്ശേരി സി.എസ്.എം. സ്കൂളും മത്സരരംഗത്ത് സജീവമാണ്.

കഴിഞ്ഞ പത്ത് തവണയും ജില്ലാ സഹോദയ ചാമ്പ്യൻഷിപ്പ് സ്വന്തമാക്കിയ തൃശൂർ ദേവമാത സി.എം.ഐ. പബ്ലിക് സ്കൂൾ തുടർച്ചയായ പതിനൊന്നാം കിരീടം ലക്ഷ്യമിട്ടാണ് മുന്നേറുന്നത്.

സമാപന സമ്മേളനവും സമ്മാനദാനവും ഇന്ന്

കലോത്സവത്തിന്റെ സമാപന സമ്മേളനവും സമ്മാനദാന ചടങ്ങും ഒക്ടോബർ 16ന് വൈകിട്ട് ആറിന് ആറ്റൂർ അറഫ ഇംഗ്ലീഷ് സ്കൂളിൽ നടക്കും. കേരള സംസ്ഥാന വഖ്ഫ് ബോർഡ് ചെയർമാൻ കെ. എസ്. ഹംസ സമ്മേളനം ഉദ്ഘാടനം ചെയ്യും. സഹോദയ ജനറൽ സെക്രട്ടറി ഷമീം ബാവ അധ്യക്ഷത വഹിക്കും. അറഫ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ കെ. എസ്. അബ്ദുല്ല മുഖ്യപ്രഭാഷണം നടത്തും. പാട്ടുറുമാൽ ഫെയിം ബീഗം സിത്താര വിശിഷ്ടാതിഥിയായി പങ്കെടുക്കും.

ജില്ലാ പഞ്ചായത്ത് അംഗം ബുഷറ ടീച്ചർ, പഴഞ്ഞൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം കെ. കെ. ശൈലജ, സഹോദയ വൈസ് പ്രസിഡന്റ് സജീവ് കുമാർ പി. എച്ച്., ജോയിന്റ് സെക്രട്ടറി ഡോ. വി. ബിന്ദു എന്നിവർ ആശംസകൾ അർപ്പിക്കും.

അറഫ ചാരിറ്റബിൾ ട്രസ്റ്റ് ട്രഷറർ പി. എം. അബ്ദുല്ലത്തീഫ്, വൈസ് ചെയർമാൻ കെ. എം. മുഹമ്മദ്, സെക്രട്ടറി എം. വി. സുലൈമാൻ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. പ്രോഗ്രാം ജനറൽ കൺവീനറും അറഫ ഇംഗ്ലീഷ് സ്കൂൾ പ്രിൻസിപ്പലുമായ ജാസ് എം. എ. സ്വാഗതവും സഹോദയ ട്രഷറർ സിസ്റ്റർ മേഴ്സി ജോസഫ് എസ്.എച്ച്. നന്ദിയും പറയും.



ദേശഭക്തി ഗാനം ഒന്നാം സ്ഥാനം
ചിന്മയ വിദ്യാലയ, കോലഴി



ദേശഭക്തി ഗാനം ഒന്നാം സ്ഥാനം
ഐ ഇ എസ് പബ്ലിക്സ്കൂൾ, ചിറ്റിലപ്പിള്ളി



അശ്വിൻ അനൂപ്
ഒന്നാസ്ഥാനം
ഹിന്ദി പദ്യം ചൊല്ലൽ
ഭാരതീയ വിദ്യാഭവൻസ്
വിദ്യാമന്ദിർ,പൂച്ചെട്ടി



വൈഷ്ണവ ടി. എസ്.
ഒന്നാം സ്ഥാനം
മലയാളം പദ്യരചന ഗുഡ് ഷെപ്പേർഡ് സി.എം.ഐ. സ്കൂൾ



നസ്റിൻ നസർ
ഇംഗ്ലീഷ് ഉപന്യാസ രചന
ഒന്നാം സ്ഥാനം
ഐ.ഇ.എസ്. പബ്ലിക് സ്കൂൾ




ആൻവിൻ
ഫസ്റ്റ്ഉപന്യാസ രചന
മലയാളം,
നിർമ്മൽജ്യോതി, മുണ്ടൂർ



അതീന ടി ആർ
ഉപന്യാസരചന - മലയാളം
ഒന്നാം സ്ഥാനം
(പാറമേക്കാവ് വിദ്യ മന്ദിർ)



ശ്രേയ സതീഷ്
ഡിജിറ്റൽ പെയിന്റിംഗ്
ഒന്നാം സ്ഥാനം
ഐ.ഇ.എസ്. പബ്ലിക് സ്കൂൾ



അഭിരാം എ
ഓടക്കുഴൽ
ഒന്നാം സ്ഥാനം പാറമേക്കാവ്
വിദ്യ മന്ദിർ, പൂങ്കുന്നം



എയ്ഡ മറിയം.
കഥ പറച്ചിൽ
നിർമ്മൽ ജ്യോതി സെൻട്രൽ
സ്കൂൾ മുണ്ടൂർ



വൈഗ ജിജിൽ
ഒന്നാം സ്ഥാനം
മാപ്പിളപ്പാട്ട് (പെൺകുട്ടികൾ)
കുലപതി മുൻഷി ഭവൻസ്
വിദ്യാമന്ദിർ, പോട്ടോർ



ബൈജു പൂലാട്ട്
പഴശ്ശിരാജ സീനിയർ സെക്കൻഡറി
സ്കൂൾ കുത്താമ്പുള്ളി കർണാടക
ശാസ്ത്രീയ സംഗീതത്തിൽ
ഒന്നാം സ്ഥാനവും എ ഗ്രേഡും



ഡേവിഡ് ജോൺ പ്രിൻസ്
കാർട്ടൂൺ ഐ.ഇ.എസ്.
ഒന്നാം സ്ഥാനം പബ്ലിക് സ്കൂൾ
ചിറ്റിലപ്പിള്ളി

കേരളം മറന്ന വീരകേസരി കണ്ടൻകുമാരൻ

ബ്രഹ്മപ്രത്യക്ഷ സാധു ജന സഭയുടെ പ്രവർത്തനം വിപുലപ്പെടുത്തി. 1913 - ൽ സംഘടനയുടെ പേര് ബ്രഹ്മ പ്രത്യക്ഷ സാധു ജന പറയർ സഭ എന്ന് പുനർനാമകരണം നടത്തി. കാടും, തോടും, കാട്ടാറും, മലയും. കയറിയിറങ്ങി സ്വസമുദായത്തെ സംഘടിപ്പിച്ചു. ഓരോ സ്ഥലത്തും ശാഖകൾ രൂപികരിച്ചു. ആരുക്കാട്ട് ഊപ്പ (പ്രസിഡന്റ്) കണ്ടൻ കുമാരൻ (ജന: സെക്രട്ടറി) പാഴൂർ കുഞ്ഞാണി (ട്രഷറർ,) തുടങ്ങിയവരായിരുന്നു സഭയുടെ നേതാക്കൾ. നിരവധി പ്രയാസങ്ങളാണ് സഭ രൂപികരിക്കാൻ പോകുമ്പോൾ കണ്ടൻ കുമാരനും സംഘത്തിനും നേരിടേണ്ടിവന്നത്. സംഘടിച്ചാൽ വേലയ്ക്ക് ആളെ കിട്ടില്ലാന്ന പ്രചരണം നടത്തി. നിരവധി ത്യാഗങ്ങൾ സഹിച്ച് ജന്മിമാരുടെ മർദ്ദനങ്ങൾക്കിരയായിയും, തിരിച്ചടിച്ചു കണ്ടൻ കുമാരനും സംഘവും മുന്നേറുകയായിരുന്നു. സമുദായാംഗങ്ങൾക്കായി എട്ടിന ഉപദേശവും നിർദ്ദേശിക്കപ്പെട്ടു. വ്യക്തിശുചിത്വം, ഗൃഹ വൃത്തി, പരിസര ശുചിത്വം, ഭക്തിയും - പ്രാർത്ഥനയും, വിദ്യാഭ്യാസം, അനുസരണ, പരസ്പര വിശ്വാസം, ബഹുമാനം. എന്നിവയായിരുന്നു എട്ടിന നിർദ്ദേശങ്ങൾ. ഞായറാഴ്ചകളിൽ സമുദായ യോഗം ചേരുമായിരുന്നു. ആത്മീയ പ്രഭാഷണവും, ഭജനയും, ഒപ്പം തന്നെ



പുരോഗമനപരമായ ആശയങ്ങളും ചർച്ച ചെയ്യപ്പെട്ടു. 1915 ൽ കണ്ടൻ കുമാരനെ ശ്രീമൂലംപ്രജാ സഭ അസംബ്ലിയിലേയ്ക്ക് പറയ(സാംബവ)രുടെ പ്രതിനിധിയായി നാമനിർദേശം ചെയ്യപ്പെട്ടു. നേരത്തേ മഹാത്മ അയങ്കാളിയേയും സാധു ജന പരിപാലന സംഘം പ്രതിനിധിയായി നാമനിർദേശം ചെയ്യപ്പെട്ടിരുന്നു. ആദ്യ അസംബ്ലി യോഗത്തിൽ തന്നെ കണ്ടൻ കുമാരൻ വിദ്യാഭ്യാസത്തെ കുറിച്ചാണ് സംസാരിച്ചത്. തന്റെ 52 വിദ്യാലയങ്ങൾക്ക് പ്രവർത്തിക്കാനാവശ്യമായ സർക്കാർ ഗ്രാന്റും. ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി തരണമെന്നും, അദ്ധ്യാപകരെ സർക്കാർ ജീവനക്കാരായി അംഗികരിച്ച് സർക്കാർ ശബളം നൽകണമെന്നും, ആവശ്യപ്പെട്ടു. അധികം വൈകാതെ തന്നെ കണ്ടൻ കുമാരന്റെ ആവശ്യം സർക്കാർ അംഗികരിച്ച് ഉത്തരവായി. എയ്ഡഡ് വിദ്യാഭ്യാസ മേഖലയുടെ വളർച്ചക്കായി തുടക്കം കുറിച്ചവരിൽ ഒരാളായിരുന്നു അദ്ദേഹം.

1915 മുതൽ 1920 വരേയും, 1923 മുതൽ 1926 വരേയും, 1926 മുതൽ 1932 വരേയും അദ്ദേഹം പ്രജാ സഭ അസംബ്ലി മെമ്പറായിരുന്നു. അയൻങ്കാളി കഴിഞ്ഞാൽ ഏറ്റവും അധികകാലം പ്രജാ സഭ അസംബ്ലി മെമ്പറായതും അദ്ദേഹം തന്നെയായിരുന്നു. ഈ ഘട്ടത്തിൽ തിരുവിതാംകൂറിലെ അധ:സ്ഥിത വിഭാഗക്കാർക്കായി നിരവധി നിയമ നിർമ്മാണത്തിനും, ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. പഴയ കൊല്ലം ജില്ലയിൽ (ഇപ്പോൾ പത്തനംതിട്ട) മല്ലപ്പിള്ളി താലൂക്കിൽ പെരുമ്പട്ടി ദേശത്ത് 1863 ഒക്ടോബർ 25 - ന് കാവാരി കുളം കണ്ടൻ - മാണി എന്നിവരുടെ മകനായ് ജനിച്ച കുമാരൻ വിദ്യാഭ്യാസത്തിനും, സാമൂഹിക നീതിക്കും, അന്ധവിശ്വാസത്തിനുമെതിരെ പോരാടുക മാത്രമല്ല. തിരുവിതാംകൂറിൽ നില നിന്ന അടിമ സമ്പ്രദായത്തിനുമെതിരെ പോരാടിയ നവോത്ഥാന നായകനുമായിരുന്നു. 1934 ഒക്ടോബർ 16 ന് അദ്ദേഹം അന്ത്യശ്വാസം വലിയ്ക്കുന്നതുവരെ അദ്ദേഹത്തിന്റെ പോരാട്ടം തുടർന്നു കൊണ്ടിരുന്നു. എന്നാൽ കേരളം ആ മഹാനായ വിര കേസരിയെ മറന്നു.

മുതിർന്ന മാധ്യമപ്രവർത്തകൻ കടമ്പാട്ട് രാജശേഖരൻ അന്തരിച്ചു

വടക്കാഞ്ചേരി: ആൾ കേരള ഓൺലൈൻ പ്രസ് ക്ലബ്ബിന്റെ തൃശ്ശൂർ ജില്ലാ പ്രസിഡന്റും മുതിർന്ന മാധ്യമപ്രവർത്തകനും എനി ടൈം ന്യൂസ് ഓൺലൈൻ ചാനലിന്റെ ഉടമയുമായ കടമ്പാട്ട് രാജശേഖരൻ (69) അന്തരിച്ചു.

കൊച്ചി അമൃത ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. കേരള പത്രപ്രവർത്തക അസോസിയേഷൻ മുൻ ജില്ലാ പ്രസിഡന്റായിരുന്ന അദ്ദേഹം കേരള കൗമുദി, പുണ്യഭൂമി, ഫ്ളാഷ് എന്നീ ദിനപത്രങ്ങളിൽ ദീർഘകാലം ലേഖകനായി പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാരം പിന്നീട് . ഭാര്യ: രമാദേവി (രാജി) മക്കൾ: ശിശിര (യു.എസ്.), ഡോ. ശങ്കർ (ജർമ്മനി)

ഇരിങ്ങാലക്കുട ബ്ലോക്ക് ലോക വനിത കർഷക ദിനാചരണം സംഘടിപ്പിച്ചു



ഇരിഞ്ഞാലക്കുട ബ്ലോക്കിൽ ലോക വനിത വനിത കർഷക ദിനാചരണവും, ബ്ലോക്കിലെ മികച്ച വനിത കർഷക അവാർഡ് ദാനവും, കൂൺ കൃഷി പരിശീലനവും സംഘടിപ്പിച്ചു.ഇരിങ്ങാലക്കുട ടൗൺ ഹാളിൽ ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റി വൈസ് ചെയർപേഴ്സൺ ചിന്ത ധർമരാജന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ടി. ജി. ശങ്കരനാരായണൻ ഉത്ഘാടനം ചെയ്തു. ബ്ലോക്കിലെ മികച്ച കർഷകയ്ക്കുള്ള അവാർഡ് കാട്ടൂർ ഗ്രാമ പഞ്ചായത്തിലെ കർഷക സുലോചന കതിരപ്പള്ളിയെ പൊന്നാട അണിയിച്ച് ആദരിച്ചു.പൊറത്തിശ്ശേരി കൃഷി ഓഫീസർ അഖിൽ. കെ. പി. സ്വാഗതം ആശംസിച്ചു. ഇരിങ്ങാലക്കുട കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഫാജിത റഹ്മാൻ പദ്ധതി വിശദീകരിച്ചു. കാട്ടൂർ കൃഷി ഓഫിസർ രേഷ്മ എൻ. ടി.നന്ദി പറഞ്ഞു.മുൻസിപ്പാലിറ്റി വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ അഡ്വ. വി. സി. വർഗീസ്, ബ്ലോക്ക്പഞ്ചായത്ത് വൈസ് പ്രസിഡന്റ് നിമിഷ ശ്രീനിവാസൻ,ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ വൃന്ദ അജിത് കുമാർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ അംബുജ രാജൻ, കെ. യു.വിജയൻ, പ്രസീന സജയൻ,മണി സജയൻ, രജനി നന്ദകുമാർ,കൃഷി ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.കർഷകർക്കായി കൃഷി വിജ്ഞാൻ കേന്ദ്രത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അഞ്ചു. സി. കൂൺ കൃഷി പരിശീലനത്തിന് നേതൃത്വം നൽകി.

പ്രതികളെ വെറുതെവിട്ടു

തൃശൂർ: 11/03/2019 തിയ്യതി കടങ്ങോട് തെക്കുംമുറിയിൽ വെച്ച് മാരകായുധങ്ങളുമായി സംഘം ചേർന്ന് പ്രജോദ്, സത്യൻ എന്നിവരെ വെട്ടിയും, അടിച്ചും വാൾ കൊണ്ട് വെട്ടിയും ദേഹോപദ്രവം എൽപ്പിച്ചു എന്നും, സത്യൻ സഞ്ചരിച്ച ഓട്ടോ തടഞ്ഞ് നിർത്തി ചില്ല് പൊട്ടിച്ചും എന്നും ആരോപിച്ച് എരുമപ്പെട്ടി പോലീസ് എടുത്ത കേസ്സിലെ പ്രതികളായ ഷിബു, അഭിനേഷ്, സഭാഷ്, ഷനോജ്, പ്രമോദ് എന്നിവരെ കുറ്റക്കാരല്ലെന്ന് കണ്ട് 14/10/2026 തിയ്യതി തൃശ്ശൂർ ഫസ്റ്റ് അഡിഷ്ണൽ അസി സ്റ്റന്റ് സെഷൻസ് ജഡ്ജ് Anne Marie Kuriakose Manalel വെറുതെ വിട്ടുകൊണ്ട് ഉത്തരവായി. പ്രതികൾക്കുവേണ്ടി അഡ്വക്കേറ്റ് മഹേശ്വരൻ വി.പി ഹാജരായി.

പുല്ലൂർ നാടക രാവിന് ഒക്ടോബർ 17ന് തിരി തെളിയും; ചമയം നാടകവേദിയുടെ അവാർഡുകൾ പ്രഖ്യാപിച്ചു

ഇരിങ്ങാലക്കുട : പുല്ലൂർ നാടകരാവിന് ഒക്ടോബർ 17 തിരി തെളിയും . വൈകീട്ട് 6 മണിക്ക് ടൗൺ ഹാളിൽ നടക്കുന്ന ചടങ്ങിൽ ചമയം നാടക വേദിയുടെ വാർഷികാഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന നാടക രാവ് ഉദ്ഘാടനം ചെയ്യുമെന്ന് ചമയം രക്ഷാധികാരി പ്രൊഫ സാവിത്രി ലക്ഷ്മണൻ, പ്രസിഡണ്ട് എ എൻ രാജൻ എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. നാടക രാവിന്റെ ഭാഗമായി വയലാർ ചലച്ചിത്രഗാനമൽസരം, സെമിനാറുകൾ, കവിയരങ്ങുകൾ, ഫിലിം ഫെസ്റ്റിവൽ ,നൃത്തോൽസവം എന്നീ പരിപാടികളും അരങ്ങേറും. ജനപ്രതിനിധികൾ, സാമൂഹ്യ സാംസ്കാരിക ചലച്ചിത്രരംഗത്തെ പ്രമുഖർ തുടങ്ങിയവർ വിവിധ ദിവസങ്ങളിൽ നടക്കുന്ന പരിപാടികളിൽ പങ്കെടുക്കും. നാടക രാവിന്റെ ഭാഗമായി എർപ്പെടുത്തിയിട്ടുള്ള നാടകവേദി അവാർഡുകൾ പത്ര പ്രവർത്തകൻകെ ഗിരീഷ് ,സാമുദായിക പ്രവർത്തകൻ പി കെ പ്രസന്നൻ , നാടക പ്രവർത്തകൻ രാജൻ തിരുവാങ്കുളം, സംഗീത സംവിധായകൻ ശിവപ്രകാശ് കൈപ്പമംഗലം, മേള കലാകാരൻ മനോജ് കോമ്പാറ എന്നിവർക്ക് സമ്മാനിക്കും . 10001 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. ജനറൽ കൺവീനർ സജു ചന്ദ്രൻ, സംഘാടകരായ മനുരാജ്, ജോഫി അവറാൻ, എ ഐ രവീന്ദ്രൻ , വി ശാഖൻനമ്പൂതിരി തുടങ്ങിയവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു .

വളഞ്ഞ ടൈലുകൾ, വില്പനക്കാരനും നിർമ്മാതാവും നഷ്ടം നൽകണം

തൃശൂർ: വില്പന നടത്തിയ ടൈലുകൾ വളഞ്ഞതാണെന്നാരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ പൂവ്വത്തൂർ അമ്പലത്തു വീട്ടിൽ കബീർ.എ.വി. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂരിലെ ലാവിഷ് ഇലക്ട്രിക്കൽസ് ഏൻറ് സാനിറ്ററീസ് ഉടമക്കെതിരെയും ന്യൂഡെൽഹിയിലെ കജാരിയ സെറാമിക്സ് ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെയും ഇപ്രകാരം വിധിയായത്.കബീർ ചുവരിൽ വിരിക്കുന്ന ടൈലുകളാണ് വാങ്ങുകയുണ്ടായത്. വിരിച്ച ടൈലുകൾ വളഞ്ഞിരിക്കുന്ന അവസ്ഥയിലും, ഒരേ പോലെയല്ലാത്ത രീതിയിലുമായിരുന്നു. കാഴ്ചയിൽത്തന്നെ അപാകതകൾ വ്യക്തമായിരുന്നു.തുടർന്ന് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്.കോടതി നിയോഗിച്ച വിദഗ്ദ കമ്മീഷണർ പരിശോധന നടത്തി തകരാറുകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായിട്ടുള്ളതാകുന്നു. ടൈലുകൾ വിരിക്കുന്നതിന് മുമ്പേ പരിശോധിക്കേണ്ടതായിരുന്നു എന്ന എതിർകക്ഷികളുടെ വാദം കോടതി അംഗീകരിച്ചില്ല. വിരിക്കുന്നതിന് മുമ്പേ തകരാറുകൾ കണ്ടെത്തിക്കൊള്ളണമെന്നില്ല എന്നും കോടതി നിരീക്ഷിച്ചു. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി നിർമ്മാതാവിനോട് ടൈലുകളുടെ വിലയായ 21300 രൂപയും ടൈലുകൾ വീണ്ടും വിരിക്കുന്ന ചിലവിലേക്ക് 31142 രൂപയും വില്പനക്കാരനും നിർമ്മാതാവും ചേർന്ന് നഷ്ടപരിഹാരമായി 20000 രൂപയും ചിലവിലേക്ക് 10000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.എ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ മുമ്പാകെ

MC. 303/2025

കൃഷ്ണപ്രിയ ടി എൻ
-ഹരജിക്കാരി

ധീരജ് സുഗതൻ, S/o. സുഗതൻ, മേനോത്തു പറമ്പിൽ വീട്, വള്ളൂർ, പുത്തൻപീടിക, തൃശൂർ താലൂക്ക്
-എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **16-11-2026** തിയതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 14-10-2026
ഹരജിഭാഗം അഡ്വക്കേറ്റ്
എം വി ഗോപാലകൃഷ്ണൻ
(ഒപ്പ്)

റവന്യു ജില്ല ശാസ്ത്രമേള സംഘാടക സമിതി രൂപീകരിച്ചു



ഇരിങ്ങാലക്കുട : റവന്യു ജില്ല ശാസ്ത്രമേള നവംബർ 5, 6 തിയ്യതികളിൽ സെന്റ് മേരീസ് എച്ച്.എസ്. എസ്, ഡോൺ ബോസ്കോ എച്ച് എസ്. എസ്, ലിറ്റിൽ ഫ്ളവർ എച്ച്. എസ്. എസ്., നാഷണൽ എച്ച് എസ്. എസ്, ഗവ. ബോയ്സ് എച്ച് എസ് . എസ് എന്നിവടങ്ങളിലായി നടക്കും. സംഘാടക സമിതി രൂപീകരണയോഗം മുൻസിപ്പൽ ചെയർമാൻ എം.പി. ജാക്സൺ ഉദ്ഘാടനം ചെയ്തു. ജില്ല പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ടി. കെ. സുധീഷ് അധ്യക്ഷത വഹിച്ചു. ജില്ല പഞ്ചായത്തംഗങ്ങളായ ജോസ് ജെ. ചിറ്റിലപ്പിള്ളി, സി.ബി. ഷക്കീല, വി.എച്ച് എസ്. ഇ. എ.ഡി. റഹ്മ. കെ. എ., വിദ്യാഭ്യാസ ഉപ ഡയറക്ടർ ടി.ഷൈല, ഡി.ഇ. ഒ. എം.വി. ഉഷ, എ. ഇ. ഒ. എം. എസ്. രാജീവ്, ആൻസൻ മാസ്റ്റർ, എ.സി. സുരേഷ്, പ്രവീൺ കുമാർ എന്നിവർ പ്രസംഗിച്ചു. സംഘാടക സമിതി: അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ (ചെയർമാൻ) , ഡെപ്യൂട്ടി ഡയറക്ടർ ഷൈല ടി (ജനറൽ കൺവീനർ), ഡി.ഇ. ഒ. ഉഷ. എം.വി. (ട്രഷറർ).

പത്മശ്രീ ചെറുവയൽ രാമനെ ആദരമർപ്പിച്ചുകൊണ്ട് അധ്യാപകൻ

മറ്റം: നാടൻ നെൽവിത്തുകളുടെ പ്രചാരകനും പത്മശ്രീ അവാർഡ് ജേതാവുമായ ചെറുവയൽ രാമനെ ആദരമർപ്പിച്ചു കൊണ്ട് വേറിട്ട മാതൃകയായി മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ സംസ്കൃത അധ്യാപകനായ സ്റ്റൈജു മാസ്റ്റർ. കണ്ടാണശ്ശേരി പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലേക്ക് ഉച്ചഭക്ഷണത്തിന്ആവശ്യമായ നാടൻ വിഭവങ്ങൾ സമർപ്പിച്ചാണ് മാസ്റ്റർ ചെറുവയൽ രാമനെ ആദരമൊരുക്കിയത്.

നാളത്തെ ഉച്ചഭക്ഷണത്തിനായി നാടൻ കായകുലു, പപ്പായ, ഇരിമ്പൻപുളി, നാടൻ പച്ചമുളക്, വേപ്പില തുടങ്ങിയവയാണ് വിദ്യാലയങ്ങൾക്ക് മാസ്റ്റർ സമർപ്പിച്ചത്. വിദ്യാർത്ഥികളോട് നാടൻ വിത്തുകൾ ശേഖരിക്കുന്നതിന്റെയും ഉപയോഗിക്കുന്നതിന്റെയും പ്രധാന്യത്തേ കുറിച്ച് ചെറുവയൽ രാമന്റെ ജീവിത അനുഭവ കഥകളിലൂടെ സ്റ്റൈജു മാസ്റ്റർ സംസാരിച്ചു. രാമന്റെ അത്മ ശാന്തിക്കായ് ഒരു നിമിഷം പ്രാർത്ഥിച്ചിട്ടാണ് വിഭവങ്ങൾ കൈമാറിയത്. മറ്റം സെൻ മേരിസ് എൽ പി സ്കൂളിൽ പ്രധാനധ്യാപിക സിസ്റ്റർ ഷാലി മരിയ, എ.വി ആശമോളും കുനംമൂച്ചി സെന്റ് തോമസ് യു. പി സ്കൂളിൽ അധ്യാപകരായ ഷിന ,സിമ എന്നിവരും കണ്ടാണശ്ശേരി എക്സൽപിയർ എൽ പി സ്കൂളിൽ അധ്യാപകരായ പി.പി ധന്യ എയ്ഞ്ചൽ റോസ് എന്നിവരും മറ്റം സെന്റ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിൽ എം. ജെ ജിൽസി, ജോളി ടി ജെ. എന്നിവരും കണ്ടാണശ്ശേരി എം എസ് എം യു പി സ്കൂളിൽ അധ്യാപകരായ കെ.കെ രാഗം , കെ.വി ഷിജി മറ്റം സെന്റ് ഫ്രാൻസിസ് എൽ പി സ്കൂളിൽ പ്രധാനാധ്യാപിക കൊച്ചുത്രേസ്യാമോണിക്ക തോമസ് എന്നിവർക്കാണ് നാടൻ വിഭവങ്ങൾ കൈമാറിയത്. മാസ്റ്ററുടെ പറമ്പിൽ നിന്നും കണ്ടാണശ്ശേരി പഞ്ചായത്തിലെ ആന്റോ സി കാക്കശ്ശേരി സെബി തോമസ് ,ടിഎൽ ഔസേപ്പ്, ഷൈനി, അന്തോണിമറ്റം എന്നിവരുടെ തൊടികളിൽ നിന്നാണ് നാടൻ വിഭവങ്ങൾ ശേഖരിച്ചത്.



സാമൂഹ്യപ്രവർത്തകന് നേരെ കൊടുംക്രൂരത

കൊണ്ടോട്ടി കിഴിശ്ശേരിയിൽ രാസലഹരി വിൽപനയ്ക്കെതിരെ പൊലീസിൽ പരാതി നൽകിയ സാമൂഹ്യപ്രവർത്തകന് നേരെ കൊടുംക്രൂരത. ലഹരി സംഘത്തിന്റെ ആക്രമണത്തിൽ സാമൂഹ്യപ്രവർത്തകൻ സഫീറിന് ഗുരുതരമായി പരിക്കേറ്റു. കഴിഞ്ഞ ദിവസമാണ് നാടിനെ ഞെട്ടിച്ച ഈ ആക്രമണം നടന്നത്.

കിഴിശ്ശേരി അങ്ങാടിയിൽ മഞ്ചേരി റോഡിൽ രാസലഹരിയുടെ വിൽപനയും ഉപയോഗവും സജീവമാണെന്ന് സഫീർ പൊലീസിന് രഹസ്യവിവരം നൽകിയിരുന്നു. ഇതിലുള്ള വിരോധം മൂലം പ്രതികൾ ബൈക്കിലും കാറിലുമായി എമിറത്തി സഫീറിനെ ആക്രമിക്കുകയായിരുന്നു എന്നാണ് പരാതി.

അങ്ങാടിയിൽ നിൽക്കുകയായിരുന്ന സഫീറിനെ പ്രതികൾ ഇരുമ്പ് വടി, സ്ക്രൂ ഡ്രൈവർ തുടങ്ങിയ മാരകായുധങ്ങൾ ഉപയോഗിച്ച് ആക്രമിക്കുകയായിരുന്നു. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ അദ്ദേഹത്തെ നാട്ടുകാരും സുഹൃത്തുക്കളും ചേർന്ന് ഉടൻതന്നെ കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. സംഭവത്തിൽ കുഴിമണ്ണ മൂത്തേടത്ത് വിനുകുമാർ, പുളിയക്കോട് മേൽമുറി ജിജേഷ് എന്നിവർക്കെതിരെ കൊണ്ടോട്ടി പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. ഇതിൽ ഒന്നാം പ്രതിയായ വിനുകുമാർ ഒളിവിലാണെങ്കിലും, ജിജേഷിനെ പൊലീസ് പിടികൂടി കോടതിയിൽ ഹാജരാക്കി റി